# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.750 20.03.2013 ൽ മറുപടിക്ക്.**

**ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. സാജു പോൾ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യസേവനമേഖല യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ആരോഗ്യ മേഖലയുടെ പ്രവർത്തനം എല്ലാ മാസവും നടന്നു വരുന്ന അവലോകന യോഗങ്ങളിൽ വിലയിരുത്താറുണ്ട്. എല്ലാ മാസവും അവസാന ദിവസം തിരുവനന്തപുരത്തു വച്ച് നടക്കുന്ന ജില്ലാ മെഡിക്കൽ ഓഫീസർമാരുടേയും ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാരുടേയും അവലോകന യോഗത്തിൽ ബഹു: ആരോഗ്യ വകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി (ആരോഗ്യം), സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.ആർ.എച്ച്.എം, ആരോഗ്യ വകുപ്പ് ഡയറക്ടർ മറ്റു സംസ്ഥാനതല ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കാറുണ്ട്. ഇത്തരത്തിലുള്ള അവലോകന യോഗങ്ങൾ ജില്ലാ തലത്തിലും, ബ്ലോക്ക് തലത്തിലും, പി.എച്ച്.സി തലത്തിലും നടത്താറുണ്ട്. ഈ യോഗങ്ങളിൽ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകാറുമുണ്ട്. |
| (ബി) ആരോഗ്യവകുപ്പിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) ഡോക്ടർമാരുടെ ഒഴിവുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

(സി) രണ്ടായിരം ഡോക്ടർമാരെ നിയമിക്കുന്നതിനുവേണ്ടി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഉണ്ട്.

(ഡി) നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ സംസ്ഥാനത്തുണ്ട്; നിലവിലുള്ള ഒഴിവുകളിൽ, 2011-ൽ പ്രസിദ്ധീകരിച്ച് നിലവിൽ പ്രാബല്യത്തിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ അടിയന്തിരനടപടി സ്വീകരിക്കുമോ?

(ഡി) 487. നിലവിലുള്ള ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി നിയമന ശുപാർശ നൽകുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

| Vacancies of Doctors in Health Services Department | | | | | | | | |
|---|---|---|---|---|---|---|---|---|
| | Administrative Cadre | Junior Consultant | Consultant | Senior Consultant | Chief Consultant | Assistant Surgeon | Civil Surgeon | Dental A/s |
| Thiruvananthapuram | 2 | 1 | 4 | 1 | 0 | 0 | 3 | 0 |
| Kollam | 0 | 3 | 1 | 1 | 0 | 0 | 8 | 0 |
| Pathanamthitta | 2 | 1 | 4 | 0 | 0 | 2 | 4 | 2 |
| Alappuzha | 2 | 6 | 5 | 1 | 0 | 1 | 2 | 2 |
| Kottayam | 1 | 11 | 8 | 7 | 1 | 3 | 6 | 1 |
| Ernakulam | 0 | 12 | 9 | 2 | 1 | 6 | 10 | 1 |
| Idukki | 1 | 22 | 3 | 0 | 0 | 23 | 0 | 2 |
| Thrissur | 1 | 5 | 7 | 0 | 1 | 10 | 15 | 3 |
| Palakkad | 0 | 13 | 7 | 4 | 1 | 27 | 9 | 4 |
| Kozhikode | 1 | 4 | 1 | 0 | 0 | 0 | 0 | 0 |
| Wayanad | 1 | 14 | 7 | 0 | 0 | 13 | 3 | 1 |
| Malappuram | 3 | 7 | 10 | 3 | 1 | 0 | 0 | 2 |
| Kannur | 1 | 13 | 21 | 1 | 1 | 25 | 5 | 2 |
| Kasargod | 0 | 9 | 4 | 0 | 0 | 30 | 4 | 1 |
| TOTAL | 15 | 121 | 91 | 20 | 6 | 140 | 69 | 21 |

**GRAND TOTAL** 483 74 (ISM Dept)